LIBRARY ARCHIVES Kerala Legislative Assembly

വൈദ്യുതി ഉപഭോക്താക്കൾക്ക് സബ്സിഡികളും ഇളവുകളും

13 [1692] ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇലക്ട്രിസിറ്റി ബോർഡ് ഉപഭോക്താക്കൾക്ക് എന്തെല്ലാം തരത്തിലുള്ള സബ്സിഡികളും മറ്റ് ഇളവുകളും നൽകുകയുണ്ടായിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇവയിൽ ഇപ്പോഴും തുടരുന്നവ ഏതെല്ലാമാണ്;

(സി) സബ്സിഡികളും മറ്റ് ഇളവുകളും നൽകിയ ഇനത്തിൽ മുൻ സാമ്പത്തിക വർഷങ്ങളിൽ ഓരോ ഇനത്തിലും എന്തു തുകയുടെ ബാദ്ധ്യത ബോർഡിന് വരുകയുണ്ടായിട്ടുണ്ട്;

(ഡി) നടപ്പു വർഷം ഉപഭോക്താക്കൾക്ക് സബ്സിഡികളും മറ്റ് ഇളവുകളും നൽകുന്നതിനായി എന്തു തുകയുടെ ബാദ്ധ്യതയുണ്ടാകുമെന്ന് വെളിപ്പെടുത്താമോ;

(ഇ) ബോർഡ് ഉപഭോക്താവിന് വിവിധ ഇനങ്ങളിലായി നൽകിവരുന്ന സബ്സിഡികളും ഇളവുകളും സർക്കാർ നൽകിയിട്ടുണ്ടോ; എങ്കിൽ കഴിഞ്ഞ രണ്ടു വർഷം സംസ്ഥാന ഗവൺമെന്റ് ഈ ഇനത്തിൽ ബോർഡിന് എന്തു തുക വീതം നൽകുകയുണ്ടായിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 500 വാട്ടിൽ കവിയാത്ത കണക്റ്റഡ് ലോഡ് ഉള്ളതും പ്രതിമാസം ഉപഭോഗം 20 യൂണിറ്റിൽ കവിയാത്തതുമായ ഗാർഹിക ഉപഭോക്താക്കൾക്ക് വൈദ്യുതി സൗജന്യമായി നൽകുന്നുണ്ട്. 1-10-2002 മുതൽ നടപ്പിലാക്കിയ വൈദ്യുതി ചാർജ്ജിനോടൊപ്പം സർക്കാരിന് കിട്ടേണ്ടതായ ഡ്യൂട്ടി വർദ്ധിപ്പിച്ചിട്ടില്ല. ഈ രീതിയിലുള്ള സബ്സിഡി കൂടാതെ സർക്കാർ ഉത്തരവുകൾ പ്രകാരം ചില പ്രത്യേക വിഭാഗം ഉപഭോക്താക്കൾക്ക് മറ്റിളവുകളും അനുവദിച്ചിട്ടുണ്ട്. വ്യവസായ സ്ഥാപനങ്ങൾക്ക് 2002 വരെ അനുവദിച്ച 1992-ന് മുമ്പുള്ള താരിഫും കുടിശ്ശിക തവണകളായി അടയ്ക്കുന്നതിന് കൊടുക്കുന്ന അനുമതിയും പലിശയിനത്തിൽ അനുവദിക്കുന്ന ഇളവുകളും ഇതിനുദാഹരണങ്ങളാണ്.

(ബി) 1992 താരിഫ് ഇളവൊഴികെ മറ്റെല്ലാ ഇളവുകളും ഇപ്പോഴും തുടരുന്നു.

(സി) ചെലവിനേക്കാൾ കുറഞ്ഞ താരിഫ് നിരക്കുകൾ നിശ്ചയിക്കുക വഴിയും മറ്റിളവുകൾ അനുവദിക്കുകവഴിയും ബോർഡിനുണ്ടായിട്ടുള്ള മുൻ വർഷങ്ങളിലെ വരുമാന കമ്മി ചുവടെ കൊടുക്കുന്നു:

വർഷം	1992-നു മുമ്പുള്ള താരിഫ് മുഖേന	സബ്സിഡി	മൊത്തം കമ്മി
1998-1999	50.07	251.83	301.90
1999-2000	88.98	243.39	332.37
2000-2001	86.36	1186.48	1286.05
2001-2002	76.75	1239.70	1316.43
2002-2003	13.85	1001.71	1015.56

(ഡി) നടപ്പുവർഷം നിലവിലുള്ള താരിഫ് നിരക്കുമൂലവും മറ്റിളവുകൾ വഴിയും ഉണ്ടാകുമെന്ന് ബോർഡ് കണക്കാക്കിയിട്ടുള്ള വരുമാന കമ്മി 926.08 കോടി രൂപയാണ്.

(ഇ) കഴിഞ്ഞ രണ്ടു വർഷം സംസ്ഥാന ഗവൺമെന്റിൽ നിന്നും സബ്സിഡിയായി നൽകിയിട്ടുള്ള തുക 2001-02-ൽ 7.57 കോടി രൂപ, 2002-03-ൽ 200 കോടി രൂപ. ടി തുക പണമായിട്ടു നൽകുന്നതിനു പകരം ബോർഡ് സർക്കാരിന് നൽകേണ്ട തുകകളിൽ തട്ടിക്കിഴിക്കുകയാണ് ചെയ്തത്.

കമ്മി കുറയ്ക്കുന്നതിന് ബോർഡ് സ്വീകരിച്ച നടപടികൾ

14 [1693] ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ 2001-2002, 2002-2003, 2003-2004 എന്നീ സാമ്പത്തിക വർഷത്തേക്ക് പാസാക്കിയ ബഡ്ജറ്റുകളിൽ ബോർഡിന്റെ കമ്മി കണക്കാക്കിയത് എത്ര കോടി രൂപയുടേതായിരുന്നു;

(ബി) യഥാർത്ഥത്തിൽ എത്ര കോടിയുടെ കമ്മി ഉണ്ടായിരുന്നു;

(സി) നടപ്പ് സാമ്പത്തിക വർഷത്തെ കമ്മി ബഡ്ജറ്റിൽ കണക്കാക്കിയതിലും വർദ്ധിക്കുമെന്ന് കരുതുന്നുണ്ടോ; എങ്കിൽ കാരണമെന്ത്;

(ഡി) കമ്മി കുറയ്ക്കുന്നതിന് ഇതിനകം ബോർഡ് സ്വീകരിച്ച പ്രധാന നടപടികൾ എന്തെല്ലാമാണ്;

(ഇ) കമ്മി കുറയ്ക്കുന്നതിന് ബോർഡ് സർക്കാരിന് സമർപ്പിച്ച നിർദ്ദേശങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly